# ഐക്യത്തിന്റെ വഴി തുറക്കുക

**സയ്യിദ് ഇസ്മാഈൽ ശിഹാബുദ്ദീൻ പൂക്കോയ തങ്ങൾ**

**മത-ഭൗതിക വിജ്ഞാനങ്ങൾ സമന്വയിപ്പിച്ച വിദ്യാഭ്യാസ രീതിയെക്കുറിച്ച് അര നൂറ്റാണ്ടു മുമ്പ് താങ്കൾ ചിന്തിക്കുകയും അത്തരമൊരു സ്ഥാപനം ആരംഭിക്കുകയും ചെയ്തു. അന്നത്തെ സുന്നീധാരയിൽനിന്ന് വേറിട്ട് നിൽക്കുന്നതും സുന്നീ പണ്ഡിതന്മാരുടെ വിമർശനങ്ങൾക്ക് വിധേയമായതുമായിരുന്നു ആ കാഴ്ചപ്പാട്. ഇത്തരമൊരു വിദ്യാഭ്യാസ രീതിയെക്കുറിച്ച് ചിന്തിക്കാൻ എന്തായിരുന്നു കാരണം?**

1960-കളിൽതന്നെ കേരള മുസ്‌ലിം സമൂഹത്തിന്റെ ഭാവിയെക്കുറിച്ച് എനിക്ക് വല്ലാത്ത ആശങ്കകളുണ്ടായിരുന്നു. വലിയ നാശം ഇവിടെ സംഭവിക്കാൻ പോകുന്നു എന്ന് തോന്നി. മുസ്‌ലിംകൾ ഇസ്‌ലാമിന് കടകവിരുദ്ധമായ ചിന്തകളും പ്രവർത്തനങ്ങളും പുലർത്തുന്നവരായിത്തീരുമെന്നും യൂറോപ്യൻ നാടുകളിൽ നടമാടുന്ന വികല ചിന്തകളും ജീർണതകളും കേരളത്തിലെ മുസ്‌ലിംകളെയും സ്വാധീനിക്കുമെന്നും ഭയപ്പെട്ടു. മതം മാത്രം പഠിച്ചവരും ഭൗതികവിദ്യാഭ്യാസം മാത്രം നേടിയവരും രണ്ട് വിരുദ്ധ ധാരകളാവും, ഇത് വലിയ അപകടമാണ്. കിതാബ് മാത്രം ഓതി പഠിച്ചവർക്ക് ലോകത്തെക്കുറിച്ച് മനസ്സിലാക്കാനോ പുതിയ വെല്ലുവിളികൾ നേരിടാനോ കഴിയില്ല. ഭൗതികം മാത്രം പഠിച്ചവർക്കാകട്ടെ ദീനിയായി ചിന്തിക്കാനോ ദീനിനു വേണ്ടി നിലകൊള്ളാനോ കഴിയില്ല. എന്നു മാത്രമല്ല, അവർ ദീനീവിരുദ്ധരാവുകയും ചെയ്യും. അതുകൊണ്ട് മത-ഭൗതിക വിദ്യാഭ്യാസം ഒന്നിച്ച് നൽകുന്ന ഒരു സ്ഥാപനത്തെക്കുറിച്ച് ചിന്തിക്കുകയായിരുന്നു.

ഈ ചിന്തക്ക് ആക്കം കൂട്ടുന്ന ഒരു സംഭവവും അക്കാലത്തുണ്ടായി. എം.ഇ.എസിന്റെ അന്നത്തെ പ്രസിഡന്റ് *എം.ഇ.എസ് ജേർണലി*ൽ എഴുതിയ ഒരു ലേഖനത്തിൽ വിശുദ്ധ ഖുർആൻ കാലോചിതമായി പരിഷ്കരിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. 'ക്രിസ്ത്യാനികൾക്കും ജൂതന്മാർക്കുമൊക്കെ പുരോഗതി ഉണ്ടായത് അവർ തങ്ങളുടെ വേദഗ്രന്ഥങ്ങളിൽ പരിഷ്കാരങ്ങൾ വരുത്തിയതുകൊണ്ടാണ്. മുസ്‌ലിംകളും ഖുർആനിൽ ഭേദഗതിവരുത്തണം. എങ്കിലേ നമുക്ക് പുരോഗതി നേടാനൊക്കൂ. നമ്മുടെ പണ്ഡിതന്മാർ പറയുന്നത് ഖുർആൻ ഭേദഗതി ചെയ്യരുതെന്നാണ്. ഖുർആൻ കാലോചിതമായി മാറ്റിയാൽ ആകാശം പൊട്ടിവീഴുന്നെങ്കിൽ വീഴട്ടെ, പണ്ഡിതരുടെ ശബ്ദമൊന്നടങ്ങട്ടെ' എന്നെല്ലാമായിരുന്നു അതിൽ എഴുതിയത്. ഇത് അന്ന് വലിയ വിവാദമാവുകയുണ്ടായി. ബാഫഖി തങ്ങളും മുസ്‌ലിം സംഘടനകളും എം.ഇ.എസുമായി അകന്നു. ഈ സംഭവമുണ്ടായപ്പോൾ, ഭയപ്പെടുന്നതെന്തോ അത് സംഭവിക്കുകയാണെന്ന് എനിക്ക് തോന്നി.

1971-ൽ ഉമ്മത്തൂരിൽ 'കുല്ലിയത്തുൽ ഇസ്‌ലാമി വൽ ഉലൂം' എന്ന പേരിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിച്ചു. ഇസ്‌ലാമിക വിഷയങ്ങളോടൊപ്പം ശാസ്ത്ര വിഷയങ്ങളും പഠിപ്പിക്കുന്ന വിദ്യാഭ്യാസരീതിയായിരുന്നു ഉദ്ദേശ്യം. അതുകൊണ്ടാണ് 'കുല്ലിയത്തുൽ ഇസ്‌ലാം' എന്ന് പരിമിതപ്പെടുത്താതെ ശാസ്ത്രവിജ്ഞാനങ്ങളെ കുറിക്കുന്ന 'ഉലൂം' എന്നുകൂടി പേരിൽ ഉൾപ്പെടുത്തിയത്. ഗവൺമെന്റ് ജോലി നേടലോ, പണം സമ്പാദിക്കലോ ഒന്നുമായിരുന്നില്ല ലക്ഷ്യം. ഇസ്‌ലാമികവിരുദ്ധമായ ചിന്തകളെ നേരിടാൻ പരമ്പരാഗത രീതിയിൽ കിതാബോതിയവർക്ക് കഴിയില്ല, അതിന് പ്രാപ്തരായ ദീനിലും ശാസ്ത്രത്തിലും അറിവുള്ളവരെ വളർത്തികൊണ്ടുവരലായിരുന്നു ലക്ഷ്യം.

എന്നാൽ സ്ഥാപനം തുടങ്ങി കുറച്ചുകഴിഞ്ഞപ്പോൾ കമ്മിറ്റിക്കാർ ഗൾഫിൽനിന്നും മറ്റും പിരിവെടുത്ത് കുറേ പണമുണ്ടാക്കി. അതോടെ അവരുടെ കാഴ്ചപ്പാട് മാറി. പണം പ്രധാനമായി. ഉദ്ദേശിച്ച രീതിയിലുള്ള വിദ്യാഭ്യാസം അവഗണിക്കപ്പെടുകയും പണം നേടാനുള്ള വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ ഞാൻ അവിടം വിട്ടു. പിന്നീട് തലശ്ശേരിക്കടുത്ത പാനൂർ മൊകേരിയിൽ *സഹ്റ കോളേജ്* ആരംഭിച്ചു.

**'ഇൽമ്' മതപരമായ അറിവ്, 'ആലിം' മതപണ്ഡിതൻ എന്നാണല്ലോ പൊതുവെയുള്ള കാഴ്ചപ്പാട്. ഇൽമ് ശാസ്ത്രത്തെയും ഭൗതികം എന്ന് വിവക്ഷിക്കപ്പെടുന്ന വിജ്ഞാനങ്ങളെയും ഉൾക്കൊള്ളുന്നതല്ലേ?**

'ഇൽമ്' എന്നാൽ ശാസ്ത്രമാണ്, 'ആലിം' ശാസ്ത്രജ്ഞനും. നമ്മുടെ 'ആലിം' പഴയകാലത്ത് ശാസ്ത്രജ്ഞൻ തന്നെയായിരുന്നു. ഇന്നത്തെ മതപണ്ഡിതനല്ല 'ആലിം.' സയൻസും ഫിലോസഫിയും ജ്യോമട്രിയുമെല്ലാം മുമ്പ് പണ്ഡിതന്മാർ പഠിച്ചിരുന്നു. പള്ളി ദർസുകളിലും അത്തരം വിഷയങ്ങൾ പഴയകാലത്ത് പഠിപ്പിച്ചിരുന്നു. 'മൈബദ്ദി' ഉൾപ്പെടെയുള്ള ഗ്രീക്ക് കിതാബുകൾ പരിഭാഷപ്പെടുത്തിയും ഗവേഷണ പഠനങ്ങൾ നടത്തിയും മുസ്‌ലിംകൾ ശാസ്ത്രവിഷയങ്ങളിൽ അവഗാഹം നേടി. യൂറോപ്യർ, ശാസ്ത്ര വിജ്ഞാനങ്ങൾ പഠിച്ചത് മുസ്‌ലിംകളിൽനിന്നാണ്. ഇബ്നുസീനയുടെ വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ ഓക്സ്ഫോഡിൽ ഇന്നും പഠിപ്പിക്കുന്നുണ്ട്. വിവരമില്ലാത്തവരായിരുന്നു ഒരുകാലത്ത് യൂറോപ്യർ. സ്പെയിനിൽ മുസ്‌ലിംകൾ സ്ഥാപിച്ച സ്തൂപങ്ങളും കുന്തങ്ങളും മറ്റും കണ്ടപ്പോൾ 'നോക്കൂ, അറബികൾ കുതിരയെ കെട്ടുന്ന കുറ്റിയാണിത്' എന്നാണ് യൂറോപ്യർ പറഞ്ഞത്. അന്ന് നക്ഷത്ര നിരീക്ഷണത്തിനും വാനശാസ്ത്ര പഠനത്തിനും വേണ്ടി മുസ്‌ലിംകൾ സ്ഥാപിച്ച ഗവേഷണ യന്ത്രങ്ങളെയും നിരീക്ഷണ കേന്ദ്രങ്ങളെയുമാണ് യൂറോപ്യർ കുതിരയെ കെട്ടുന്ന കുറ്റി എന്ന് വിളിച്ചത്! പക്ഷേ, പിന്നീട് അതെല്ലാം നമ്മിൽനിന്നവർ തട്ടിയെടുത്തു, നമ്മെ പടുകുഴിയിലേക്ക് തള്ളി. നമ്മുടെ കൊള്ള

രുതായ്മകളാണ് നമ്മെ പരാജയപ്പെടുത്തിയത്. നാം തല തിരിഞ്ഞുപോയപ്പോള്‍ അധഃപതിക്കുകയാണുണ്ടായത്. ഇത് അല്ലാഹു തആലാ ഖുര്‍ആനില്‍ പറഞ്ഞിട്ടുള്ളതുമാണ്.

ആലിമീങ്ങള്‍ മാത്രമേ അല്ലാഹുവെ ഭയപ്പെടുകയുള്ളൂ എന്ന് പറഞ്ഞത് ശാസ്ത്രജ്ഞരെക്കുറിച്ചുമാണ്. ശാസ്ത്രജ്ഞര്‍ ദൈവനിഷേധികളാവുക വളരെ അപൂര്‍വമാണ്. ഇത് ഇന്നത്തെ ശാസ്ത്രജ്ഞര്‍ തന്നെ പറയുന്നതാണ്.

**അനൈക്യവും പരസ്പര കലഹവുമാണല്ലോ സ്പെയിനിന്റെയും മുസ്‌ലിം ലോകത്തിന്റെയും പരാജയത്തിന്റെ പ്രധാന കാരണം. കേരള മുസ്‌ലിംകള്‍ക്ക് സംഭവിക്കാനിരിക്കുന്നതും ഇതുതന്നെയല്ലേ?**

സംഭവിക്കാനിരിക്കുന്നതല്ല, സംഭവിച്ചുകൊണ്ടിരിക്കുന്നതാണ്. പലതും സംഭവിച്ചുകഴിഞ്ഞിട്ടുമുണ്ട്. അനൈക്യത്തിന് നാം കൊടുക്കേണ്ടിവരുന്ന വില വളരെ വലുതായിരിക്കും. ഒരുമിച്ചുനിന്നില്ലെങ്കില്‍ നാം തകരും. നമ്മുടെ അടിവേര് നശിപ്പിക്കാനുള്ള ഗൂഢാലോചനകളാണിവിടെ നടന്നുകൊണ്ടിരിക്കുന്നത്. പക്ഷേ, അതൊന്നും ഗൗരവത്തോടെ കാണാതെ നാം പരസ്പരം കാഫിറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതൊക്കെ അവസാനിപ്പിച്ച് മുസ്‌ലിം സംഘടനകള്‍ യോജിച്ച് രംഗത്തിറങ്ങണം. അതിന്‌വേണ്ടി ഒരു വേദിയുണ്ടാകണം.

**മുസ്‌ലിം ഐക്യം സാധ്യമാകാനുള്ള വഴിയെന്താണ്?**

ഒരേയൊരു വഴിയേ അതിനുള്ളൂ. രണ്ട് വിഭാഗങ്ങള്‍ നന്നാകണം, പണ്ഡിതന്മാരും നേതാക്കളും. ഉലമാഉം ഉമറാഉം നന്നാകാതെ മുസ്‌ലിംകള്‍ക്ക് ഐക്യപ്പെടാനാകില്ല. റസൂലുല്ലാഹി പറഞ്ഞതാണിത്. 'എന്റെ ഉമ്മത്തിലെ രണ്ടു വിഭാഗക്കാര്‍ നല്ലവരായാല്‍ ജനങ്ങള്‍ ഒന്നടങ്കം നന്നാകും, അവര്‍ ദുഷിച്ചാല്‍ ജനങ്ങള്‍ മുഴുവന്‍ ദുഷിക്കും – പണ്ഡിതന്മാരും നേതാക്കളും.' പക്ഷേ, നമ്മുടെ നാട്ടിലുള്ള പണ്ഡിതന്മാരും നേതാക്കളും നന്നാവുമോ? അല്ലാഹുവിനറിയാം. പണത്തിന് പുറകെയാണിവര്‍ ഓടുന്നത്. മുസ്‌ലിയാക്കന്മാര്‍ ഏറ്റവും ദുഷിച്ച വിഭാഗമായി മാറിയിരിക്കുന്നു. അവരേക്കാള്‍ കെട്ടവര്‍ വേറെയില്ല. അതും അല്ലാഹുവിന്റെ റസൂല്‍ പറഞ്ഞതാണ്: 'അവരിലെ ഉലമാക്കളായിരിക്കും ആകാശത്തിനു താഴെയുള്ള ഏറ്റവും ദുഷിച്ച വിഭാഗം. അവരില്‍നിന്നായിരിക്കും കുഴപ്പങ്ങളു(ഫിത്ന)ടെ ഉത്ഭവം, അത് അവരിലേക്കു തന്നെ മടങ്ങുകയും ചെയ്യും.' ഇത് ഇന്ന് നാം കണ്ടുകൊണ്ടിരിക്കുകയാണ്. റസൂല്‍(സ) പറഞ്ഞത് അക്ഷരംപ്രതി പുലര്‍ന്നിരിക്കുന്നു. ഇത് റസൂലിന്റെ ഒരു വലിയ മുഅ്ജിസത്താണ്. റസൂല്‍ പതിനാലു നൂറ്റാണ്ട് മുമ്പ് പറഞ്ഞത് 'ഒരുകാലത്ത് ഉലമാക്കളില്‍നിന്നായിരിക്കും ഫിത്ന പുറപ്പെടുക'യെന്നാണ്. അത് പുലര്‍ന്നിരിക്കുന്നു, ഇന്ന് മുസ്‌ലിയാക്കന്മാരാണ് ഫിത്നയുടെ കേന്ദ്രം. അവരില്‍നിന്നാണ് മറ്റുള്ളവരിലേക്ക് അത് പകരുന്നത്.

എല്ലാ മുസ്‌ലിം സംഘടനകളെയും യോജിപ്പിക്കാന്‍ നാം പരിശ്രമിക്കണം. നേതാക്കന്മാരും പണ്ഡിതന്മാരും സംഘടനകളുമൊക്കെ ഐക്യത്തിനു വേണ്ടി മുന്നിട്ടിറങ്ങണം. എ.പിക്കാരോടും ഇ.കെക്കാരോടും ഞാന്‍ ഐക്യപ്പെടാന്‍ പറയാറുണ്ട്. യോജിപ്പിന്റെ ഒരു വേദിയുണ്ടാക്കുകയാണ് വേണ്ടത്. ഇ.കെ സുന്നി, എ.പി. സുന്നി, ജമാഅത്തെ ഇസ്‌ലാമി, മുജാഹിദ് വിഭാഗങ്ങള്‍, സംസ്ഥാന, ദക്ഷിണ കേരള ജംഇയ്യത്തുല്‍ ഉലമാ തുടങ്ങിയവരെല്ലാം ഉള്‍പ്പെടുന്ന ഒരു വട്ടമേശ സമ്മേളനം നടത്തണം. ഐക്യശ്രമങ്ങള്‍ക്ക് എന്റെ എല്ലാ സഹായങ്ങളുമുണ്ടാകും. ഐക്യത്തിന് തടസ്സം നില്‍ക്കുന്ന ചിലരുണ്ട്. അവരെ ആദ്യമേ കണ്ട് സംസാരിച്ച് കാര്യങ്ങള്‍ ബോധ്യപ്പെടുത്തണം. എങ്ങനെയും നാം ഐക്യപ്പെടണം, ഇല്ലെങ്കില്‍ നാശം ഉറപ്പാണ്.

**അവഗാഹമുള്ള പണ്ഡിതന്മാര്‍ ഇപ്പോള്‍ വളരെ കുറവാണ്. പുതിയ തലമുറയില്‍നിന്ന് കഴിവുറ്റ പണ്ഡിതന്മാര്‍ വളര്‍ന്നുവരാത്തതെന്തുകൊണ്ടാണ്?**

വിഷയങ്ങളെ ഗൗരവത്തോടെ സമീപിക്കുകയും ആഴത്തില്‍ പഠനം നടത്തുകയും ചെയ്യുന്ന സ്വഭാവം ഇന്ന് ഇല്ലാതായിരിക്കുന്നു. അതുകൊണ്ട് പണ്ഡിതന്മാര്‍ വളര്‍ന്നുവരിക വളരെ പ്രയാസമാണ്. മുമ്പ് പഠിച്ചുകൊണ്ടിരുന്നവര്‍ പഠനം തീരാറാകുമ്പോള്‍ കുട്ടികളെ പഠിപ്പിക്കാന്‍ മദ്റസയും കോളേജുകളുമൊക്കെയാണ് അന്വേഷിച്ചിരുന്നത്. ഇന്ന് പഠിച്ചുകൊണ്ടിരിക്കുമ്പോള്‍തന്നെ 'വിസ'യെക്കുറിച്ചാണ് ചിന്തിക്കുന്നത്. പുതിയ തലമുറയുടെ വലിയ സ്വപ്നം ഗള്‍ഫാണ്. ഗള്‍ഫില്‍ പോയി, നല്ല ജോലി നേടി പണം സമ്പാദിക്കാനാണിന്ന് പഠിക്കുന്നത്. ഈ ചിന്തക്ക് മാറ്റം വരാതെ പണ്ഡിതന്മാര്‍ വളര്‍ന്നുവരില്ല.

**ജിഹാദ് പലവിധ തെറ്റുധാരണകള്‍ക്കും വിധേയമായിട്ടുണ്ടല്ലോ?**

ജിഹാദ് നന്മക്കുവേണ്ടി അല്ലാഹുവിന്റെ മാര്‍ഗത്തിലുള്ള സമരമാണ്. ജിഹാദ് എന്നാല്‍ യുദ്ധമല്ല. വായകൊണ്ടും പേനകൊണ്ടും ജിഹാദ് ആകാം. ജിഹാദ് വാളുകൊണ്ടുള്ള യുദ്ധമാണെന്ന ധാരണ തെറ്റാണ്. ഇന്ത്യയില്‍ ഇസ്‌ലാം പ്രചരിച്ചത് യുദ്ധത്തിലൂടെയല്ല. ഇസ്‌ലാമികചരിത്രം പരിശോധിച്ചാല്‍ ഇത് വ്യക്തമാകും. ഇവിടെ പ്രബോധകരായി വന്ന അറബികളുടെ സ്വഭാവം കണ്ടിട്ടാണ് ആളുകള്‍ ഇസ്‌ലാം സ്വീകരിച്ചത്. അറബികള്‍ കേരളത്തെ 'ഖൈറുല്ലാഹി' എന്നാണ് വിളിച്ചിരുന്നത്. അതുകേട്ടാണ് ഇവിടെയുള്ളവര്‍ ഈ നാടിനെ 'കേരളം' എന്ന് പറയാന്‍ തുടങ്ങിയത്. അലിയ്യുല്‍ കൂഫിയുള്‍പ്പെടെയുള്ള പ്രബോധകരുടെ സ്വഭാവത്തില്‍ ആകൃഷ്ടരായി ഇവിടത്തെ ക്ഷേത്രപൂജാരിമാര്‍ ക്ഷേത്രങ്ങള്‍ വരെ അവര്‍ക്ക് വിട്ടുകൊടുത്ത ചരിത്രമുണ്ട്.

**നമ്മുടെ പ്രബോധന പ്രവര്‍ത്തനങ്ങളുടെ ശൈലി എന്തായിരിക്കണം?**

മുസ്‌ലിംകള്‍ സ്വയം നന്നാകണം. നമ്മുടെ ജീവിതം കണ്ട് മറ്റുള്ളവര്‍ ഇസ്‌ലാമിനെ മനസ്സിലാക്കണം. മുസ്‌ലിം എന്ന് പറയുകയും തിന്മകള്‍ ചെയ്യുകയും ആര്‍ക്കെങ്കിലുമൊക്കെ സിന്ദാബാദ് വിളിച്ചുനടക്കുകയും ചെയ്താല്‍ പ്രബോധനം നടക്കില്ല. നമ്മുടെ ജീവിതംകൊണ്ട് സമൂഹത്തെ ആകര്‍ഷിക്കാന്‍ സാധിക്കണം. അങ്ങനെയാണ് പ്രബോധനം നിര്‍വഹിക്കേണ്ടത്. അതാണ് യഥാര്‍ഥ ജിഹാദ്. വാളും തോക്കുമെടുത്തുള്ള യുദ്ധമല്ല അത്. ഒരാളെയും നിര്‍ബന്ധിച്ച് മതപരിവര്‍ത്തനം നടത്താവതല്ല, നടത്തിയിട്ടുമില്ല. അത് ദീനിനു തന്നെ എതിരാണെന്നിരിക്കെ, പിന്നെ ദീനീപ്രചാരണത്തിന്റെ മാധ്യമമാകുക സാധ്യമല്ലല്ലോ. 'ദീനില്‍ ബലപ്രയോഗമില്ല, സത്യം അസത്യത്തില്‍നിന്ന് വേര്‍തിരിഞ്ഞിരിക്കുന്നു' എന്ന് ഖുര്‍ആന്‍ പറഞ്ഞിട്ടുണ്ട്.

**ചില മുസ്‌ലിം ഗ്രൂപ്പുകള്‍ സായുധ പ്രതികാരത്തെക്കുറിച്ച തീവ്രവാദ ചിന്ത പുലര്‍ത്തുന്നുണ്ട്. ഈ വാദം ശരിയാണോ?**

തീവ്രവാദത്തോട് മുസ്‌ലിംകള്‍ക്ക് ബന്ധമില്ല. മുസ്‌ലിംകളുടെ പേരില്‍ ഇവിടെ നടക്കുന്ന തീവ്രവാദ പ്രവര്‍ത്തനങ്ങള്‍ രാഷ്ട്രീയക്കാര്‍ തമ്മില്‍ നടക്കുന്ന അക്രമങ്ങളും കൊലപാതകങ്ങളും പോലെ ഒരു മ്ലേഛ കൃത്യമാണ്. ഇസ്‌ലാമിന്റെ അര്‍ഥം സമാധാനം എന്നാണ്. 'മുസ്‌ലിം' സമാധാനവാദിയാണ്, തീവ്രവാദിയല്ല. ഇന്ന് നടക്കുന്ന തീവ്രവാദപ്രവര്‍ത്തനങ്ങള്‍ ഇസ്‌ലാമിന്റെയോ മുസ്‌ലിംകളുടെയോ പേരില്‍ പറയാനാകില്ല.

ആരെങ്കിലും നമ്മെ ആക്രമിച്ചാല്‍ അവര്‍ക്കെതിരെ തിരിച്ചടി നടത്തുകയല്ല, നല്ല രൂപത്തില്‍ പെരുമാറുകയാണ് ചെ

യ്യേണ്ടത്. എത്ര വലിയ ശത്രുവാണെങ്കിലും അവനെ നശിപ്പിക്കുകയല്ല,അവനോട് നന്നായി പെരുമാറി മിത്രമാക്കി മാറ്റുകയാണ് വേണ്ടത്. അതാണ് ഖുർആൻ പറയുന്നത്: 'ഏറ്റവും ഉത്തമമായ രീതിയിൽ പ്രതിരോധിക്കുക, എങ്കിൽ നിന്നോട് ശത്രുതയുള്ളവൻ ആത്മമിത്രമായി മാറും.' ഇങ്ങോട്ട് ആക്രമിക്കുന്നവരെ തിരിച്ചടിക്കണമെന്ന് പറയുന്നതിന്റെ ഘട്ടം വേറെയാണ്, നമ്മുടെ സാഹചര്യമല്ല.

**ഈജിപ്തിലെ അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ നേതാവും ഇസ്‌ലാമിക ചിന്തകനുമായിരുന്ന സയ്യിദ് ഖുത്‌ബിനെ പ്രതിയോഗികൾ തൂക്കിലേറ്റുകയുണ്ടായി. ഖുത്‌ബിന്റെ മരണത്തെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?**

ഒരു സംശയവുമില്ല, സയ്യിദ് ഖുത്‌ബ് ശഹീദാണ്. ദീനുൽ ഇസ്‌ലാമിനു വേണ്ടി കൊലചെയ്യപ്പെട്ട ഇരുപതാം നൂറ്റാണ്ടിലെ രക്തസാക്ഷിയാണ്. അദ്ദേഹം ജീവിച്ചിരുന്നാൽ ഈജിപ്ത് മാത്രമല്ല, ലോകമെങ്ങും വലിയ വിപ്ലവം നടക്കുമെന്നും ഇസ്‌ലാമിസ്റ്റുകൾ വിജയിക്കുമെന്നും മനസ്സിലാക്കിയ ശത്രുക്കൾ അദ്ദേഹത്തെ വധിക്കുകയായിരുന്നു. അമേരിക്കയും സാമ്രാജ്യത്വശക്തികളും നടത്തിയ ഗൂഢാലോചനയുടെ അനന്തരഫലമായിരുന്നു അത്.

ഇസ്‌ലാമിനു വേണ്ടി നിലകൊള്ളുന്ന മുസ്‌ലിംകളെ കൊലചെയ്യുകയെന്ന മഹാപാതകം ചെയ്യുന്ന മുസ്‌ലിം നാമധാരികൾ പാശ്ചാത്യരുടെ വാൽതൂങ്ങികളാണ്. വലിയ അപരാധമാണവർ ചെയ്യുന്നത്. മുസ്‌ലിം രാജാക്കന്മാർക്ക് വേണ്ടത് ദീനല്ല, പാശ്ചാത്യരുടെ പ്രീതിയാണ്. പാശ്ചാത്യർ പറയുന്നതാണവർ പ്രവർത്തിക്കുന്നത്. അറബ് ലോകത്ത് ഇപ്പോൾ ദീൻ ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇസ്‌ലാമിന് മാതൃകയാക്കാവുന്ന ഒരു ഭരണാധികാരിയും ഇന്ന് ലോകത്തില്ല. പാശ്ചാത്യപരിഷ്കാരങ്ങൾക്ക് തടസ്സമാണ് ഇസ്‌ലാമിക നവോത്ഥാനം. അതുകൊണ്ടാണ് അതിന്റെ വക്താക്കൾ കൊലചെയ്യപ്പെടുന്നത്. പ്രത്യക്ഷത്തിൽ, രാജ്യദ്രോഹം ഗൂഢാലോചന തുടങ്ങിയ എന്തെങ്കിലുമൊരു കുറ്റം ചുമത്തിയാണ് കൊല്ലുക. ജമാൽ അബ്ദുന്നാസിർ സയ്യിദ് ഖുത്‌ബിനെ വധിച്ച രീതിയിൽ ലോകത്ത് പലരെയും കൊന്നിട്ടുണ്ട്. അവയൊന്നും ന്യായീകരിക്കാൻ കഴിയില്ല. അവർ ഭീകരവാദികളേ അല്ല. അവർ സത്യദീനിനെ സ്നേഹിച്ചു, അതിനുവേണ്ടി രക്തസാക്ഷ്യം വരിച്ചു.

**സാമ്രാജ്യത്വ ശക്തികളുടെയും അവരുടെ പിണിയാളുകളുടെയും ഗൂഢാലോചനകളെയും വേട്ടയാടലുകളെയും അതിജീവിച്ച് ഇസ്‌ലാം വിജയിക്കുന്ന ശോഭനമായൊരു ഭാവിയിൽ പ്രതീക്ഷയുണ്ടോ?**

തീർച്ചയായും ഇസ്‌ലാമിന് ശോഭനമായ ഭാവിയുണ്ട് എന്നുതന്നെയാണ് എന്റെ വിശ്വാസം. ഈജിപ്തിലെ സ്വേഛാധിപതിയായിരുന്ന ഫറോവയുടെ നാശത്തെക്കുറിച്ച് ആരോ പ്രവചിക്കുകയോ ഫറോവ തന്നെ സ്വപ്നത്തിൽ കാണുകയോ ചെയ്തിരുന്നു. ഇത് സത്യമായി പുലർന്നു. അതുപോലെ മുസ്‌ലിം സമൂഹത്തിന്റെ തകർച്ചക്കു ശേഷം ഇസ്‌ലാം വിജയിക്കുന്ന ഒരുകാലം വരുമെന്ന് നബി(സ) പ്രവചിച്ചിട്ടുണ്ട്. തീർച്ചയായും അത് സംഭവിക്കും. പക്ഷേ, അതിനു മുമ്പ് മുസ്‌ലിംകളെയെല്ലാം കൊന്നുതീർക്കാനാണ് അമേരിക്കയുടെ ശ്രമം.

ഇസ്‌ലാമിനു വേണ്ടി നിലകൊണ്ട ആളായിരുന്നു സുഊദിയിലെ ഫൈസൽ രാജാവ്. അദ്ദേഹത്തെ കൊന്നുകളയുകയായിരുന്നു. രാജകുടുംബത്തിലെ ഒരു അംഗത്തെ തന്നെ ഉപയോഗിച്ചായിരുന്നു കൊല നടത്തിയത്. ബൈത്തുൽ മഖ്ദിസിൽ നമസ്കരിക്കുമെന്ന് ശപഥം ചെയ്യുകയും ഫലസ്ത്വീനു വേണ്ടി പോരാടാനിറങ്ങുകയും ചെയ്തതായിരുന്നു അദ്ദേഹം ചെയ്ത തെറ്റ്. അമേരിക്കയാണ് ഫൈസൽ രാജാവിനെ വധിച്ചത് എന്നതിൽ സംശയമില്ല. യഥാർഥത്തിൽ ദജ്ജാലിന്റെ ചെറിയ പതിപ്പാണ് അമേരിക്ക. മുപ്പത് ദജ്ജാലുകൾ വരുമെന്ന് ഹദീസിൽ പറഞ്ഞിട്ടുണ്ട്. ദജ്ജാലിനെക്കുറിച്ച് ഹദീസിൽ വന്നിട്ടുള്ള ഒരു വിശേഷണം, ദജ്ജാലിന്റെ വലതു കൈയിൽ സ്വർഗവും ഇടതു കൈയിൽ നരകവുമാണ് ഉണ്ടാവുകയെന്നാണ്. ആ സ്വർഗത്തിൽ കടന്നവൻ യഥാർഥ നരകത്തിലും നരകത്തിൽ പ്രവേശിച്ചവൻ സ്വർഗത്തിലുമാകും. അമേരിക്കയുടെ കാര്യത്തിലും ഇതുതന്നെയാണ് അവസ്ഥ. അവരെ അനുകൂലിക്കുന്നവർക്ക് ഭൂമിയിൽ എല്ലാ സുഖസൗകര്യങ്ങളും ലഭിക്കുന്നു. എതിരു നിൽക്കുന്നവർക്ക് ഭൂമിയിൽ നരകം. അമേരിക്കൻ വിരുദ്ധപക്ഷത്തുള്ളവരെയൊക്കെ അവർ നശിപ്പിക്കും. അഫ്ഗാനിലും ഇറാഖിലുമൊക്കെ നാം അത് കാണുന്നുണ്ട്. പക്ഷേ, ഇന്ന് അമേരിക്കയുടെ നരകത്തിൽ കഴിയേണ്ടിവരുന്നവർക്ക് നാളെ സ്വർഗം ലഭിക്കും. ഫറോവ നശിച്ചതുപോലെ അമേരിക്കയും സാമ്രാജ്യത്വശക്തികളും നശിക്കും. ഫിർഔന്റെ പഴയ കളിതന്നെയാണ് ഇന്ന് ബുഷും മറ്റും കളിക്കുന്നത്. ഫറോവയെ തോൽപിച്ചത് മൂസായാണ്. അങ്ങനെയൊരു മൂസാ ഇനിയും വരും. ഫറോവ തന്റെ നാശം ഭയന്ന് എല്ലാ ആൺകുട്ടികളെയും കൊന്നുതീർക്കാൻ തുടങ്ങിയപ്പോൾ അതിനിടക്കുനിന്ന് ഒരു മൂസാ വളർന്നുവന്നു, അതുപോലെ ഒരു മൂസാ ഇനിയും ലോകത്ത് വരും. സാമ്രാജ്യത്വം നശിക്കുകയും ഇസ്‌ലാം വിജയിക്കുകയും ചെയ്യും. ■